**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5346** **12-08-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. ലിമിറ്റഡ് 'അനർട്ട്' വഴി നടപ്പാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. ലിമിറ്റഡ് 'അനർട്ട്' വഴി നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; | (എ) | കേന്ദ്ര നവനവീന ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) ഗാർഹിക ഉപഭോക്താക്കൾക്ക് കേന്ദ്ര സബ്സിഡിയോടുകൂടി കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ Phase II സബ്സിഡി സ്കീമിൽ നിന്നും ലഭ്യമായ ആദ്യഘട്ട 50 MW-ൽ 12.5 MW പദ്ധതിയിൽ അനെർട്ടിനെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിച്ച് വരുന്നു. |
| (ബി) | വീടുകളിൽ സമ്പൂർണ്ണ സോളാർ വൈദ്യുതി ഉപയോഗിക്കുന്നതിന് നിലവിലുള്ള പദ്ധതികൾ ഏതൊക്കെയെന്നും, കായംകുളം മണ്ഡലത്തിൽ ഈ പദ്ധതി എത്ര ഗാർഹിക ഉപഭോക്താക്കൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട് എന്നും വിശദമാക്കാമോ? | (ബി) | പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ നിലവിൽ 500 MW പുരപ്പുറ സൗര നിലയങ്ങളിൽ നിന്നും വൈദ്യുതി ശൃംഖലയിൽ കൂട്ടിച്ചേർക്കുന്ന പദ്ധതിയാണ് 'സൗര'. ഇതിൽ ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമായുള്ള സബ്സിഡി പദ്ധതിയാണ് 'സൗര' രണ്ടാം ഘട്ടം. കായംകുളം നിയോജക മണ്ഡലത്തിൽ 'സൗര' പദ്ധതിയുടെ കീഴിലുള്ള ഗാർഹിക ഉപഭോക്താക്കളുടെ എണ്ണം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ